THE PLANTATION CORPORATION OF KERALA LTD
(An ISO 9001:2015 Certified Company under Government of Kerala)
Registered Office: KOTTAYAM-686 004
CIN:U01119KL1962SGC001997
☎ 0481.2578301- 04, 2578306 (MD) Fax:0481.2575133 (MD) Web:www.pcklimited.in E-mail:pckltd@bsnl.in , mdpckltd@gmail.com

PRO/F-11/3623 11.11.2025

## ടെണ്ടർ നോട്ടീസ്

## റബ്ബർ റീപ്ലാന്റിംഗ് ഏരിയ- പരിപാലനവും,സംരക്ഷണവും ഏറ്റെടുത്ത് നടത്തുന്നതിനുള്ള ഇ-ടെൻഡർ കം ഇ-ഓക്ഷൻ/സീൽഡ് ടെൻഡർ

പ്ലാന്റേഷൻ കോർപ്പറേഷന്റെ താഴെക്കൊടുത്തിരിക്കുന്ന എസ്റ്റേറ്റിൽ 2025 വർഷം നട്ടിട്ടുള്ള റബ്ബർ തൈകൾക്ക് 3 വർഷക്കാലത്തേക്ക് പുതയിടൽ, തണൽകുത്ത്, കാട്ടുവെട്ടൽ, വളമിടൽ, രോഗപ്രതിരോധപ്രവർത്തനങ്ങൾ, വന്യമൃഗങ്ങളിൽ നിന്നുള്ള സംരക്ഷണം തുടങ്ങിയവ ക്രേതാവ് സ്വന്തം നിലയിൽ നടത്തി റബ്ബർ തൈകൾ സംരക്ഷിച്ചുതരുന്നതിനുള്ള താൽപര്യ പത്രം ഇ-ടെൻഡർ കം ഇ-ഓക്ഷൻ/സീൽഡ് ടെൻഡർ വ്യവസ്ഥകൾക്ക് വിധേയമായി ക്ഷണിക്കുന്നു.

**പ്രവൃത്തി**

'കോർപ്പറേഷൻ 2025-വർഷത്തിൽ നട്ടിട്ടുള്ള റബ്ബർ തൈകൾക്ക് 3 വർഷക്കാലത്തേക്ക് പുതയിടൽ, തണൽകുത്തൽ, കാട്ടുവെട്ടൽ, വളമിടൽ, മറ്റു രോഗപ്രതിരോധപ്രവർത്തനങ്ങൾ എന്നിവ ക്രേതാവ് സ്വന്തം ചെലവിൽ നടത്തി, തൈകൾ വന്യജീവികളുടെയും, മറ്റു ക്ഷുദ്രജീവികളുടെയും ആക്രമണങ്ങളിൽ നിന്നും സംരക്ഷിച്ചു തരുന്നതിന്'.

| ക്രമ നമ്പർ | എസ്റ്റേറ്റ്, ജില്ല | ഡിവിഷൻ & ബ്ലോക്ക് | ഏരിയയുടെ വിസ്തീർണം ഹെക്ടറിൽ (approx.) |
|---|---|---|---|
| 1. | നിലമ്പൂർ | പുഞ്ചക്കൊല്ലി, ബ്ലോക്ക്-III | 22.65 |

**നിബന്ധനകൾ**

1. പ്രവൃത്തി തൃപ്തികരമായി ചെയ്തുതരുമ്പോൾ, ഒരു ഹെക്ടറിന്, കരാർ കാലയളവിൽ കോർപ്പറേഷൻ ക്രേതാവിനു നൽകേണ്ട ഏറ്റവും കുറഞ്ഞ തുകയാണ്(ടാക്സ് ഒഴികെ) ബ്ലോക്കുകൾക്ക് പ്രത്യേകം പ്രത്യേകമായി ടെൻഡറിൽ രേഖപ്പെടുത്തേണ്ടത്.
2. ഇ-ദർഘാസിലും, ദർഘാസിലും ലഭിച്ച ഏറ്റവും കുറഞ്ഞ തുകയാണ് കരാർ ഉറപ്പിക്കാനായി പരിഗണിക്കുന്നത്.
3. ഇ-ടെണ്ടറും സീൽഡ് ടെണ്ടറും 26/11/2025, 12.00 PM. വരെ സമർപ്പിക്കാവുന്നതാണ്. മുദ്ര വെച്ച ദർഘാസുകൾ അതാത് എസ്റ്റേറ്റിൽ 26/11/2025, 12.00 PM. വരെ സ്വീകരിക്കുന്നതും 27/11/2025, 12.00 PM.-ന് PCK ഹെഡ് ഓഫീസിൽ വച്ച് ആ സമയത്ത് ഹാജരായിട്ടുള്ള കരാറുകാരുടെയോ അവരുടെയോ പ്രതിനിധികളുടെയോ സാന്നിധ്യത്തിൽ തുറക്കുന്നതുമാണ്. ഇ-ടെണ്ടറിൽ പങ്കെടുക്കുന്നവർക്ക് 27/11/2025, 1.00 PM–ന് ശേഷംതാഴെ കാണിച്ചിരിക്കുന്ന സമയപ്രകാരം ഇ-ഓക്ഷനിൽ പങ്കെടുക്കുന്നതിന് അവസരമുണ്ടാകുന്നതാണ്. ഇ-ദർഘാസ് / മുദ്രവച്ച ദർഘാസ് എന്നിവയിൽ നിന്നും ഏറ്റവും കുറഞ്ഞ തുകയാണ് ഇ-ഓക്ഷൻ തുടങ്ങുന്നതിനുള്ള അടിസ്ഥാന

വിലയായി നൽകുന്നതും ആയതിൽ നിന്നും ഇ-ഓക്ഷൻ ആരംഭിക്കുന്നതുമാകുന്നു. ശേഷം ഇ-ടെൻഡർ-കം-ഓക്ഷൻ /സീൽഡ് ടെൻഡർ എന്നിവയിൽ ലഭിക്കുന്നതായ തുകകളിൽ ഏതാണോ കുറവ് അതായിരിക്കും ടെൻഡർ ഉറപ്പിക്കുന്നതിനായി പരിഗണിക്കുക. ഏതെങ്കിലും കാരണവശാൽ ഇ-ഓക്ഷൻ ഓഫീസ് പ്രവൃത്തിസമയത്തിനു ശേഷം തുടരുന്ന പക്ഷം തൊട്ടടുത്ത പ്രവൃത്തി ദിവസം രാവിലെ 10.30 ന് ഇ-ഓക്ഷൻ കഴിഞ്ഞുള്ള ഇ-ദർഘാസ് തുറക്കുന്നതായിരിക്കും.

4. **മുദ്രവെച്ച ദർഘാസ് / ഇ- ദർഘാസുകൾ നടത്തപ്പെടുന്ന സ്ഥലം, തീയതി, സമയം എന്നിവ ചുവടെ ചേർക്കുന്നു.**

| **മുദ്രവെച്ച ദർഘാസ് സമർപ്പിക്കുവാനുള്ള സ്ഥലവും സമയവും** | **ഇ – ടെൻഡർ സമർപ്പിക്കുവാനുള്ള അവസാന സമയം** | **മുദ്രവെച്ച ദർഘാസ് തുറക്കുന്ന സ്ഥലവും സമയവും** | **ഇ –ടെൻഡർ ഒറിജിനൽ രേഖകൾ ലഭിക്കേണ്ട അവസാന സമയവും സ്ഥലവും** | **ഇ–ഓക്ഷൻ തുടങ്ങുന്ന സമയം** |
|---|---|---|---|---|
| നിലമ്പൂർ എസ്റ്റേറ്റ് ഓഫീസ്, നിലമ്പൂർ R.S. പി.ഒ., മലപ്പുറം-679330<br><br>26/11/2025, 12.00 PM. | 26/11/2025, 12.00 PM. | പി സി കെ ഹെഡ് ഓഫീസ്, കോട്ടയം 27/11/2025, 12.00 PM. | പി സി കെ ഹെഡ് ഓഫീസ്, കോട്ടയം 27/11/2025, 10.00 AM. | 27/11/2025, 2.00 PM to 3.00 PM. |

5. ടെൻഡർ നടത്തുന്നതിന് നിശ്ചയിച്ചിരിക്കുന്ന ദിവസം ഹർത്താൽ, പൊതു അവധി തുടങ്ങിയ ഏതെങ്കിലും കാരണത്താൽ ടെൻഡർ നടത്താൻ കഴിയാതെ വന്നാൽ, തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയത്തുതന്നെ ടി ടെൻഡർ നടത്തുന്നതായിരിക്കും.
6. ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി ആയിട്ടും, കോർപ്പറേഷന് സ്വീകാര്യമായ എണ്ണം ടെൻഡറുകൾ ലഭിക്കാതെ വന്നാൽ, യാതൊരു മുന്നറിയിപ്പും കൂടാതെ പ്രസ്തുത ടെണ്ടർ സ്വീകരിക്കുന്നതിനുള്ള അവസാനതീയതി നീട്ടിവെക്കുന്നതിനും, അതുവരെ ലഭിച്ച ടെണ്ടറുകൾ പുതിയ തീയതിയിൽ മാത്രം തുറക്കുന്നതിനുമുള്ള അധികാരം മാനേജിങ് ഡയറക്ടറിൽ (പി.സി.കെ. ലിമിറ്റഡ്) നിക്ഷിപ്തമായിരിക്കും. അപ്രകാരം തീയതി നീട്ടുന്ന പക്ഷം, ആദ്യ അവസരത്തിൽ/അവസരങ്ങളിൽ ടെൻഡർ വാഗ്ദാനം നൽകിയവർക്ക് വാഗ്ദാനത്തുകയിൽ മാറ്റം വരുത്താൻ താത്പര്യമുണ്ടെങ്കിൽ, ആദ്യ EMD ഉപയോഗിച്ചുകൊണ്ടുതന്നെ വീണ്ടും നിശ്ചിത തീയതിക്കകം ടെൻഡർ വാഗ്ദാനം നൽകാവുന്നതാണ്. ഇപ്രകാരം ഒരാൾ വാഗ്ദാനം ചെയ്യുന്ന തുകകളിൽ, ഏറ്റവും കുറഞ്ഞ തുക മാത്രമായിരിക്കും വാഗ്ദാനം ചെയ്തിട്ടുള്ള തുകയായി പരിഗണിക്കുന്നത്.
7. ടെണ്ടറിൽ പങ്കെടുക്കാൻ ഉദ്ദേശിക്കുന്നവർ ടെണ്ടർ നൽകുന്നതിനു മുൻപായി മേൽപ്പറഞ്ഞ എസ്റ്റേറ്റുകളിലെ തോട്ടങ്ങൾ നേരിട്ട് സന്ദർശിച്ച് നിജസ്ഥിതി ബോധ്യപ്പെടേണ്ടതാണ്. ടെണ്ടർ സംബന്ധിച്ച കൂടുതൽ വിവരങ്ങൾ താഴെപ്പറയുന്ന നമ്പരിൽ ലഭിക്കുന്നതാണ്.

| **ഉദ്യോഗസ്ഥന്റെ പേര്** | **തസ്തിക** | **യൂണിറ്റ്** | **മൊബൈൽ/ലാൻഡ് നമ്പർ** |
|---|---|---|---|
| ശ്രീ.സന്തോഷ് എം. | ജനറൽ മാനേജർ (ഓപ്പറേഷൻസ്) | ഹെഡോഫീസ് | 9496076004, 9447142369, 7593938769, 0481-2578301-04 |
| ശ്രീ.മോബിൻ K.M. | മാനേജർ | നിലമ്പൂർ | 9847138912, 0493 1220563 |

8. ടെണ്ടറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർക്ക് ഇ-ടെണ്ടർ മുഖാന്തിരവും, അല്ലെങ്കിൽ സീൽഡ് ടെണ്ടർ മുഖാന്തിരവും പങ്കെടുക്കാവുന്നതാണ്.
9. ഇ-ടെണ്ടർ/സീൽഡ് ടെണ്ടറിൽ പങ്കെടുക്കുന്നതിനുള്ള ടെണ്ടർ ഫോം ഒന്നിന് 118/- രൂപയും, നിരതദ്രവ്യം ബ്ലോക്ക് ഒന്നിന് 5,000/-(അയ്യായിരം) രൂപയുമാണ്.
10. ഇ-ടെൻഡറിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ https://etenders.kerala.gov.in എന്ന ഇ-ടെൻഡർ പോർട്ടൽ സന്ദർശിക്കുക. ഇതു സംബന്ധിച്ച് എന്തെങ്കിലും സംശയങ്ങൾ ഉണ്ടാകുന്ന പക്ഷം താഴെപ്പറയുന്ന നമ്പറുകളിലേക്ക് വിളിക്കാവുന്നതാണ്.
പി.സി.കെ.-Ph. 7593938769, 0481-2578301-04, 9048614891. E-Procurement support desk of Kerala State IT Mission over telephone at 0471-2577088/188/388 or 0484-2336006, 2332262 or 0497-2764788, 2764188 or 0483-273294 or through email: etendershelp@kerala.gov.in or helpetender@gmail.comfor assistance in this regard.
11. ഇ-ടെണ്ടറിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ, ഇ-ടെണ്ടർ വ്യവസ്ഥകൾ ഇ-പോർട്ടലിൽ നിന്നും ഡൌൺലോഡ് ചെയ്യേണ്ടതും, വ്യവസ്ഥകൾ പൂർണ്ണമായും അംഗീകരിക്കുന്നതായി രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെണ്ടർ കണ്ടീഷനും, മാനേജിംഗ് ഡയറക്ടർ, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കോട്ടയം എന്ന പേരിൽ എടുത്ത ഡിമാന്റ് ഡ്രാഫ്റ്റിന്റെ സ്കാൻഡ് കോപ്പിയോ അല്ലെങ്കിൽ ഹെഡ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ (A/c Holder : PCK, ബാങ്ക്: CANARA BANK, ശാഖ: KANJIKUZHY, അക്കൗണ്ട് നമ്പർ: 2964201000003, IFSC CODE: CNRB0002964))RTGS/ NEFT/ Electronic payments മുഖാന്തിരം അടച്ചതിന്റെ രേഖയുടെ സ്കാൻഡ് കോപ്പിയും, ക്രേതാവിന്റെ തിരിച്ചറിൽ രേഖ, പാൻകാർഡ് എന്നിവയുടെ കോപ്പിയും, ടെണ്ടർ ഫീസ്സ് (Rs.118/-) അടച്ച് ഇ-പോർട്ടലിൽ ക്വട്ടേഷൻ സമർപ്പിക്കുമ്പോൾ അപ് ലോഡ് ചെയ്യേണ്ടതുമാണ്. D.D./RTGS/ NEFT/ Electronic payments സംബന്ധിച്ച വിവരങ്ങൾ അപ് ലോഡ് ചെയ്യുന്ന ടെണ്ടർ വ്യവസ്ഥകളിൽ കൃത്യമായി ചേർക്കാത്ത പക്ഷം ടി-ടെണ്ടർ നിരാകരിക്കുന്നതാണ്. ഡിമാൻഡ് ഡ്രാഫ്റ്റിന്റെ ഒറിജിനൽ, ടെൻഡർ വ്യവസ്ഥകൾ വായിച്ച് ബോധ്യപ്പെട്ട് അവ പൂർണ്ണമായി അംഗീകരിക്കുന്നതായി ഒപ്പ് രേഖപ്പെടുത്തിയ സമ്മതപത്രവും, എല്ലാ പേജുകളിലും ഒപ്പിട്ട ടെൻഡർ കണ്ടിഷന്റെ ഒറിജിനൽ, പാൻ കാർഡ്, ആധാർകാർഡ് എന്നിവയുടെ കോപ്പികളും ടെൻഡർ തുറക്കുന്ന ദിവസം (തീയതി-27.11.2025) 10.00 A.M. മണിക്ക് മുൻപായി പി സി കെ ഹെഡ് ഓഫീസ് കോട്ടയത്ത് മുദ്രവെച്ച കവറിൽ കവറിന് പുറത്ത് ഇടതുവശത്ത് മുകളിൽ "നിലമ്പൂർ എസ്റ്റേറ്റ് റീപ്ലാന്റിംഗ് ഏരിയ പരിപാലനം- ദർഘാസ് രേഖകൾ" എന്ന ശീർഷകം വെക്കേണ്ടതും, ദർഘാസ്സ് നമ്പർ, എസ്റ്റേറ്റ്, ബ്ലോക്ക്, തുറക്കുന്ന തീയതി, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി ലഭിച്ചിരിക്കേണ്ടതാണ്.
12. സീൽഡ് ടെണ്ടർ രീതിയിൽ പങ്കെടുക്കാൻ താൽപ്പര്യമുള്ളവർ നേരിട്ട് 118-രൂപ ഫീസടച്ച് (നികുതി ഉൾപ്പടെ), ടെൻഡർ വ്യവസ്ഥകളും, ടെൻഡർ ഫോമും കോട്ടയത്തുള്ള ഹെഡ് ഓഫീസിൽ നിന്നോ, എസ്റ്റേറ്റ് ഓഫീസിൽ നിന്നോ ടെണ്ടർ സമർപ്പിക്കേണ്ട അവസാനദിവസത്തിന്റെ തലേദിവസം വൈകിട്ട് നാലുമണിക്ക് മുൻപായി വാങ്ങേണ്ടതാണ്. ഓരോ ബ്ലോക്കിനും പ്രത്യേകം പ്രത്യേകം നിരതദ്രവ്യമായ തുക 5000 രൂപ അതാത് എസ്റ്റേറ്റ് ഓഫീസ്സ് ബാങ്ക് അക്കൌണ്ടിൽ മാറത്തക്ക വിധം ഡി.ഡി ആയോ, അതുമല്ലെങ്കിൽ RTGS/ NEFT/ Electronic payments മുഖാന്തിരമോ ടെണ്ടർ സമർപ്പിക്കുന്നതിന് മുൻപായി അടച്ചിരിക്കേണ്ടതും, ആയതിന്റെ രേഖ അതാത് എസ്റ്റേറ്റിൽ ടെണ്ടർ സമർപ്പിക്കുന്നതിനൊപ്പം സമർപ്പിക്കേണ്ടതുമാണ്. ടെൻഡർ ഫോറത്തിനൊപ്പം, ടെൻഡർ വ്യവസ്ഥകൾ വായിച്ച് ബോധ്യപ്പെട്ട് അവ പൂർണ്ണമായി അംഗീകരിക്കുന്നതായി ഒപ്പ് രേഖപ്പെടുത്തിയ സമ്മതപത്രവും, ടെൻഡർ വ്യവസ്ഥ കളുടെ എല്ലാ പേജുകളിലും ഒപ്പിട്ട് ദർഘാസിനൊപ്പം ആധാർ കാർഡ് , പാൻ കാർഡ് എന്നിവയുടെ കോപ്പികൾ സമർപ്പിക്കേണ്ടതാണ്. മുദ്രവച്ച കവറിന് പുറത്ത് ഇടതുവശത്ത് മുകളിൽ "നിലമ്പൂർ എസ്റ്റേറ്റ് റീപ്ലാന്റിംഗ് ഏരിയ പരിപാലനം- ദർഘാസ് രേഖകൾ" എന്ന ശീർഷകം വെക്കേണ്ടതും, ദർഘാസ്സ് നമ്പർ, എസ്റ്റേറ്റ്, ബ്ലോക്ക്, തുറക്കുന്ന തീയതി, പേര്, മേൽ വിലാസം എന്നിവ രേഖപ്പെടുത്തി ദർഘാസുകൾ അതാത് എസ്റ്റേറ്റ് ഓഫീസിൽ ടെണ്ടർ

സമർപ്പിക്കേണ്ട അവസാന സമയത്തിന് മുൻപുതന്നെ നല്കിയിരിക്കേണ്ടതാണ്. മുദ്ര വെച്ച ദർഘാസുകൾ ഹെഡ് ഓഫീസിൽ വച്ച് 27/11/2025, 12.00 PM. -ന് തുറക്കുന്നതായിരിക്കും.

13. ഇ-ദർഘാസിലൂടെയോ, സീൽഡ് ദർഘാസിലൂടെയോ ഭാഗീകമായോ, പൂരിപ്പിക്കാതെയോ സമർപ്പിക്കുന്ന ടെണ്ടറുകൾ സ്വീകരിക്കുന്നതല്ല.
14. കോർപ്പറേഷനിലെ തൊഴിലാളികൾക്കോ, ജീവനക്കാർക്കോ ഒരു ദർഘാസിലും പങ്കെടുക്കാൻ അവകാശമുണ്ടായിരിക്കുന്നതല്ല.
15. ടെൻഡർ പ്രകാരം ക്രേതാവിനു ലഭിക്കുന്ന അവകാശം യാതൊരു കാരണവശാലും പിസികെ-യുടെ മുൻകൂർ അനുമതി കൂടാതെ കൈമാറ്റം ചെയ്യാൻ പാടില്ലാത്തതാണ്.
16. ദർഘാസ് തുറക്കുന്നതിനു നിശ്ചയിച്ചിരിക്കുന്ന ദിവസം എന്തെങ്കിലും കാരണം കൊണ്ട് ആയതു നടക്കാതെ വന്നാൽ തൊട്ടടുത്ത പ്രവർത്തിദിവസം 3.00 pm-ന് നടത്തുന്നതായിരിക്കും.
17. കരാർ സംബന്ധമായി എന്തെങ്കിലും സംശയങ്ങളോ തർക്കങ്ങളോ ഉണ്ടാകുന്ന പക്ഷം മാനേജിങ് ഡയറക്ടർ എടുക്കുന്ന തീരുമാനം അന്തിമമമായിരിക്കും. എന്തെങ്കിലും വ്യവഹാരം ഉണ്ടാകുന്ന പക്ഷം ആയതിന്റെ അധികാര പരിധി കോട്ടയം അധികാരാതിർത്തിയിലുള്ള കോടതികളിൽ മാത്രമായിരിക്കും.
18. ഏതു ടെണ്ടറും സ്വീകരിക്കുന്നതിനും, കാരണം കാണിക്കാതെ നിരാകരിക്കുന്നതിനുമുള്ള അധികാരം പ്ലാന്റേഷൻ കോർപ്പറേഷൻ മാനേജിങ് ഡയറക്ടറിൽ നിക്ഷിപ്തമായിരിക്കും.
19. ടെൻഡർ ഉറപ്പിച്ചുകിട്ടുന്ന ക്രേതാവ്, താഴെപറയും പ്രകാരം സെക്യൂരിറ്റി ഡെപ്പോസിറ്റ് ആയി കെട്ടി വയ്ക്കേണ്ടതും, 200 രൂപയുടെ കേരള സർക്കാർ മുദ്രപത്രത്തിൽ എഗ്രിമെൻറ് വെക്കേണ്ടതുമാണ്.
    A. 30 ഹെക്ടർ വരെയുള്ള ഏരിയക്ക് - 1 ലക്ഷം രൂപ
    B. 30 ഹെ. മുതൽ 50 ഹെ. വരെയുള്ള ഏരിയക്ക് – 3 ലക്ഷം രൂപ
    C. 50 ഹെക്ടറോ അതിൽ കൂടുതലോ ഉള്ള ഏരിയക്ക്- 5 ലക്ഷം രൂപ
20. സെക്യൂരിറ്റി ഡെപ്പോസിറ്റ് ടെണ്ടർ കാലാവധി പൂർത്തിയാക്കി ജോലികൾ തൃപ്തികരമായി തീർന്നതിനുശേഷം ഒരു മാസത്തിനുള്ളിൽ പലിശരഹിതമായി തിരികെ നൽകുന്നതായിരിക്കും.
21. ഒരു ഹെക്ടർ സ്ഥലത്തു പരമാവധി 500 എണ്ണം എന്ന കണക്കിൽ ആയിരിക്കും റബ്ബർ തൈകൾ നട്ടിരിക്കുന്നത്. അപ്രകാരം 500 തൈകൾക്ക് ഒരു ഹെക്ടർ എന്ന് ഏരിയ കണക്കാക്കി ആയിരിക്കും പ്രവർത്തി കരാർപ്രകാരമുള്ള തുക കോർപ്പറേഷൻ ക്രേതാവിന് നൽകുന്നത്.
22. ക്രേതാവുമായി കരാർ ഉടമ്പടിയിൽ ഏർപ്പെടുന്നതിന് മുൻപായി നിലവിൽ നട്ടിട്ടുള്ള റബ്ബർ തൈകൾ കോർപ്പറേഷൻ എണ്ണി ഏൽപ്പിക്കുന്നതും ആയത് കൈപ്പറ്റി ക്രേതാവ് രസീതി നൽകേണ്ടതുമാണ്.
23. കരാർ ഉടമ്പടിക്ക് മുൻപ് കോർപ്പറേഷൻ നട്ടിട്ടുള്ളതും എന്നാൽ തുടർന്ന് നശിച്ചുപോയിട്ടുള്ളതുമായ റബ്ബർ തൈകൾ അടുത്ത സീസണിൽ കോർപ്പറേഷൻ ക്രേതാവിന് വാങ്ങി നൽകുന്നതും ആയത് ക്രേതാവ് സ്വന്തം ചിലവിൽ നട്ടുതരേണ്ടതുമാണ്. ഇപ്രകാരം നശിച്ചുപോയിട്ടുള്ള റബ്ബർ തൈകളുടെ എണ്ണവും കൂടി കണക്കാക്കിയാവും ഹെക്ടർ നിചപ്പെടുത്തുന്നത്. എന്നാൽ കരാർ ഉടമ്പടിക്ക് ശേഷം നഷ്ടപ്പെടുന്ന റബ്ബർ തൈകളുടെ ഉത്തരവാദിത്വം ക്രേതാവിൽ നിക്ഷിപ്തമായിരിക്കും.
24. കരാർ പ്രകാരം കോർപ്പറേഷൻ ക്രേതാവിനു നൽകാനുള്ളതായ തുക നൽകാനുള്ള ഷെഡ്യൂൾ, കരാർ ഉറപ്പിക്കാനായി തെരെഞ്ഞെടുക്കപ്പെട്ട വ്യക്തിയുമായി/സ്ഥാപനവുമായി കൂടിയാലോചന നടത്തി തീരുമാനിക്കുന്നതായിരിക്കും.
25. കരാർ കാലാവധി എഗ്രിമെന്റ് വെച്ചതിനുശേഷം കോർപ്പറേഷൻ ക്രേതാവിനെ ഏൽപ്പിക്കുന്ന ദിവസം മുതൽ 36 മാസം (കലണ്ടർ മാസം) ആയിരിക്കും.
26. മൂന്നു വർഷക്കാലത്തേക്ക് തണൽകുത്ത്, കാട്ടുവെട്ടൽ, വളമിടൽ മറ്റു കീട-രോഗപ്രതിരോധ പ്രവർത്തനങ്ങൾ നടത്തുക, റിപ്ലാൻഡിങ് ഏരിയയ്ക്ക് ചുറ്റും കോർപ്പറേഷൻ നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കിയിട്ടുള്ള സൗരോർജ്ജ വേലി സംരക്ഷിക്കുക, വന്യമൃഗങ്ങൾ തോട്ടത്തിൽ പ്രവേശിക്കാതെ മുഴുവൻ സമയവും കാവൽ ഏർപ്പെടുത്തുക എന്നിവ കരാറുകാരൻ സ്വന്തം നിലയിൽ നടത്തിക്കൊണ്ട് തൈകൾ സംരക്ഷിച്ച് തരേണ്ടതാകുന്നു.
27. റബ്ബർ ബോർഡ് നിഷ്കർഷിക്കുന്ന നിശ്ചിത അകലത്തിൽ മറ്റ് അഗ്രോ മാനേജ്മെന്റ് സമ്പ്രദായങ്ങൾ (പുതയിടൽ, തണൽകുത്ത്, കാട്ടുവെട്ടൽ, വളമിടൽ, രോഗപ്രതിരോധ പ്രവർത്തനങ്ങൾ, തുടങ്ങിയവ യഥാസമയം ക്രേതാവിന്റെ സ്വന്തം ചിലവിൽ നിർവഹിക്കേണ്ടതാണ്. ടി പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധമസാമഗ്രികൾ (വളം ഒഴികെ) ക്രേതാവ് സ്വന്തം ചിലവിൽ വാങ്ങിക്കേണ്ടതാണ്.

28. റീപ്ലാന്റിംഗ് ഏരിയയിലേക്ക് ആവശ്യമായ വളം കോർപ്പറേഷൻ വാങ്ങി നൽകുന്നതും ആയത് വർഷത്തിൽ രണ്ട് തവണകളായി (ജൂൺ–ജൂലൈ മാസങ്ങളിലും, ഒക്ടോബർ – നവംബർ മാസങ്ങളിലും) റബ്ബർ ബോർഡ് നിഷ്കർഷിച്ചിട്ടുള്ള രീതിയിൽ നിശ്ചിത അകലത്തിൽ ക്രേതാവ് സ്വന്തം ചിലവിൽ ഇട്ടുതരേണ്ടതുമാണ്

29. കീടനാശിനികളും മറ്റും ഏരിയയിൽ ഉപയോഗിക്കുമ്പോൾ റബ്ബർ ബോർഡിൻറെ / കൃഷിവകുപ്പിന്റെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതും, കോർപറേഷൻ ഉദ്യോഗസ്ഥരെ മുൻകൂട്ടി അറിയിച്ച് അനുവാദം വാങ്ങേണ്ടതുമാണ്.

30. ഫയർ സീസൺ ജോലിയുമായി ബന്ധപ്പെട്ട് റീപ്ലാന്റിംഗ് ഏരിയയക്ക് ചുറ്റുമായി ഫയർ ബെൽറ്റ് എടുക്കേണ്ടതും ടി ഏരിയയ്ക്ക് ഉള്ളിൽ കാട്ടുതീ പടർന്ന് പിടിക്കാതിരിക്കാൻ വേണ്ട മുൻകരുതലുകൾ സ്വീകരിക്കേണ്ടതുമാണ്.

31. ക്രേതാവ് നിയമാനുസൃത നികുതികൾ അടയ്ക്കാൻ ബാധ്യസ്ഥനാണ്. കൂടാതെ കരാർ സംബന്ധമായ എല്ലാ ജോലികളും ക്രേതാവിന്റെ പൂർണ ഉത്തരവാദിത്വത്തിലും ചുമതലയിലും ആയിരിക്കും. എല്ലാ നിയമങ്ങൾക്കും വിധേയമായി കൊണ്ട് ഏറ്റെടുക്കുന്ന ജോലികൾ പൂർണമായും നടപ്പിലാക്കുന്നതിന്റെ മുഴുവൻ ഉത്തരവാദിത്വവും ക്രേതാവിൽ നിക്ഷിപ്തമായിരിക്കും. (വന്യമൃഗ ആക്രമണം, ഇതര അപകടങ്ങൾ, ക്രേതാവിൻറെ തൊഴിലാളികളുടെ പ്രൊവിഡന്റ് ഫണ്ട് വിഹിതം അടയ്ക്കുന്നത് ഉൾപ്പെടെയുള്ള ബാധ്യതകൾ തുടങ്ങിയവ )

32. വന്യമൃഗങ്ങളിൽ നിന്നും തോട്ടങ്ങൾ സംരക്ഷിക്കുന്നതിനായി സൗരോർജ്ജവേലി റീപ്ലാന്റിംഗ് ഏരിയക്കു ചുറ്റും കോർപ്പറേഷൻ 'നിർമ്മിച്ചിട്ടുള്ളതാണ്'. വന്യമൃഗങ്ങൾ തോട്ടത്തിൽ പ്രവേശിക്കാതെ മുഴുവൻ സമയവും കാവൽ ഏർപ്പെടുത്തേണ്ട ഉത്തരവാദിത്വവും, സൗരോർജ്ജവേലിയുടെ പരിപാലനവും തോട്ടം പരിപാലനം ഏറ്റെടുക്കുന്ന ക്രേതാവിൽ നിക്ഷിപ്തമായിരിക്കും. കരാർ കാലാവധി കഴിയുമ്പോൾ ഓരോ ബ്ലോക്കിലും നിർമ്മിച്ചിരിക്കുന്ന സൌരോർജ്ജവേലിയുടെയും, അനുബന്ധ ഉപകരണങ്ങളുടെയും, അവകാശം കോർപ്പറേഷനിൽ നിക്ഷിപ്തമായിരിക്കും.

33. ക്രേതാവ് സ്വന്തം ചിലവിൽ സൌരോർജ്ജവേലി യഥാസമയങ്ങളിൽ അറ്റകുറ്റപണികൾ നടത്തേണ്ടതും, കരാർ കാലാവധി അവസാനിക്കുമ്പോൾ പ്രവർത്തന ക്ഷമമായ അവസ്ഥയിൽ കോർപ്പറേഷനെ ഏൽപ്പിക്കേണ്ടതുമാണ്. സൗരോർജ്ജ വേലിയുടെ പരിപാലനത്തിന് മാറ്റിവയ്ക്കാൻ ആവശ്യമായ സാധന സാമഗ്രികൾ കോർപ്പറേഷൻ നൽകുന്നതാണ്

34. റീപ്ലാന്റിംഗ് ഏരിയയിലുള്ള റബ്ബർ തൈകൾ ഓരോ മൂന്നുമാസവും എണ്ണി തിട്ടപ്പെടുത്തുന്നതും, 75 ശതമാനം എങ്കിലും തൈകൾ തോട്ടത്തിൽ ഇല്ലെങ്കിൽ ആ ക്വാർട്ടറിലെ മെയിന്റനൻസ് കോസ്റ്റ് ക്രേതാവിന് നൽകുന്നതല്ലാത്തതാകുന്നു.

35. കരാർ പ്രകാരമുള്ള തുക വിതരണം ചെയ്യുന്നതിന് മുമ്പായി മാനേജിംഗ് ഡയറക്ടർ ചുമതലപ്പെടുത്തുന്ന കമ്മറ്റി ഏരിയ പരിശോധിച്ച് തൈകളുടെ വളർച്ച, എണ്ണം, പരിപാലനം എന്നിവ തൃപ്തികരമാണെന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമായിരിക്കും തുക വിതരണം ചെയ്യുന്നത്.

36. കരാർ പ്രകാരം ചെയ്യേണ്ട എല്ലാ കാർഷിക പ്രവർത്തികളും, കൃത്യസമയത്ത് ചെയ്ത് മാനേജരെ ബോധ്യപ്പെടുത്തേണ്ടുന്ന ചുമതല ക്രേതാവിൽ നിക്ഷിപ്തമാണ്.

37. കരാർ കാലയളവിൽ ഓരോ വർഷവും മാർച്ച് മാസം 31 തീയതിക്ക് മുൻപായി റബ്ബർ തൈകൾ മാനേജിംഗ് ഡയറക്ടർ ചുമതലപ്പെടുത്തുന്ന കമ്മിറ്റി പരിശോധിച്ച് തൈകളുടെ വളർച്ച, എണ്ണം, പരിപാലനം എന്നിവ തൃപ്തികരമാണെന്ന് ഉറപ്പുവരുത്തിയതിനുശേഷം എണ്ണിത്തിട്ടപ്പെടുത്തി നിലമ്പൂർ എസ്റ്റേറ്റ് മാനേജരെ ബോധ്യപ്പെടുത്തേണ്ടതാണ്. ആദ്യവർഷവും രണ്ടാം വർഷവും റബർ തൈകൾ നഷ്ടപ്പെട്ടാൽ അത്രയും എണ്ണം റബർ തൈകൾ ക്രേതാവ് കോർപ്പറേഷൻ നിർദ്ദേശിക്കുന്ന നഴ്സറിയിൽ നിന്ന് കോർപ്പറേഷൻ നിർദ്ദേശിക്കുന്ന ഇനം തൈകൾ സ്വന്തം ചെലവിൽ വാങ്ങി പൂർണമായും നട്ടു തരേണ്ടതാണ്. കൂടാതെ രണ്ടാം വർഷം 10 ശതമാനത്തിൽ കൂടുതൽ തൈകൾ നഷ്ടപ്പെട്ടാൽ അധികമായി നഷ്ടപ്പെടുന്ന ഒന്നിന് 2500/ രൂപ വീതം നഷ്ടം ഈടാക്കുന്നതുമാണ്. മൂന്നാം വർഷം കരാർ കാലാവധി തീർത്ത് പിരിയുന്നതിനു മുൻപായി 15% ത്തിൽ കൂടുതൽ തൈകൾ നഷ്ടപ്പെട്ടാൽ അധികമായി നഷ്ടപ്പെടുന്ന തൈ ഒന്നിന് 5000/ രൂപ വീതവും കരാറുകാരനിൽ നിന്ന് നഷ്ടം ഈടാക്കുന്നതായിരിക്കും.

38. പ്രകൃതി ദുരന്തങ്ങൾ കാരണം റബ്ബർ തൈകൾ നഷ്ടപ്പെട്ടാൽ ആയത് യഥാസമയം ക്രേതാവ് രേഖാമൂലം കോർപ്പറേഷൻ അധികാരികളെ അറിയിക്കേണ്ടതും അപ്രകാരം ബോധ്യമായാൽ തൈകളുടെ നഷ്ടോത്തരവാദിത്വത്തിൽ നിന്നും ക്രേതാവിനെ ഒഴിവാക്കുന്നതുമാണ്.

39. കരാർ ഉടമ്പടിപ്രകാരമുള്ള ഏതെങ്കിലും വ്യവസ്ഥകളിൽ ക്രേതാവ് വീഴ്ച വരുത്തുന്ന പക്ഷം കരാർ ഉടമ്പടി റദ്ദ് ചെയ്യുന്നതും, സെക്യൂരിറ്റി ഡിപ്പോസിറ്റ് കണ്ട്കെട്ടി കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതുമായിരിക്കും. കൂടാതെ ക്രേതാവിന്റെ നഷ്ടോത്തരവാദിത്വത്തിൽ ആവശ്യമെങ്കിൽ കരാർ പ്രവർത്തികൾ പുനഃക്രമീകരണം ഏർപ്പെടുത്തി പൂർത്തീകരിക്കുന്നതിന് കോർപ്പറേഷന് അവകാശമുണ്ടായിരിക്കുന്നതാണ്. കൂടാതെ ക്രേതാവിനെ കരിമ്പട്ടികയിൽപെടുത്തുകയും, കരാറുകാരനെതിരെ നിയമനടപടികളും സ്വീകരിക്കുന്നതായിരിക്കും.
40. ക്രേതാവിൽ നിന്നോ ജോലിക്കാരിൽ നിന്നോ കോർപ്പറേഷനോ കോർപ്പറേഷന്റെ മുതലുകൾക്കോ എന്തെങ്കിലും നാശനഷ്ടം സംഭവിച്ചാൽ കോർപ്പറേഷൻ നിശ്ചയിക്കും പ്രകാരമുള്ള നഷ്ടപരിഹാരം ക്രേതാവ് ഉടൻ തന്നെ അടയ്ക്കേണ്ടതാണ്.
41. കരാർ കാലാവധിക്കിടയിൽ ക്രേതാവോ, ടിയാന്റെ തൊഴിലാളികളോ, എസ്റ്റേറ്റിലോ, പരിസരങ്ങളിലോ, വന്യമൃഗങ്ങളെ വേട്ടയാടുകയോ, എന്തെങ്കിലും നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയോ, സഹായിക്കുകയോ ചെയ്യാൻ പാടില്ല. ഇതിനു വിപരീതമായി പ്രവർത്തിക്കുന്ന പക്ഷം കരാർ റദ്ദ് ചെയ്യുന്നതും സെക്യൂരിറ്റി ഡിപ്പോസിറ്റ് കണ്ടുകെട്ടി കോർപ്പറേഷനിലേക്ക് മുതൽ കൂട്ടുന്നതും ആയിരിക്കും.
42. കോർപ്പറേഷൻ ഉദ്യോഗസ്ഥരുടെ നിർദ്ദേശപ്രകാരം ആവരണ വിള ഏരിയയിൽ നട്ടുവളർത്തേണ്ടതാണ് ഈ ആവരണ വിളയുടെ വിത്തുകൾ കോർപ്പറേഷൻ നൽകുന്നതാണ്.
43. സർക്കാരിന്റെ ടെൻഡറുകൾക്ക് ബാധകമായ എല്ലാ പൊതുവ്യവസ്ഥകളും നിയമങ്ങളും ഈ ടെണ്ടറിനും ബാധകമായിരിക്കുന്നതാണ്.
44. ടെണ്ടർ തുടർ നടപടികൾ എപ്പോൾ വേണമെങ്കിലും യാതൊരു കാരണവും കാണിക്കാതെ നിർത്തി വയ്ക്കുന്നതിനോ, മാറ്റി വയ്ക്കുന്നതിനോ ഉള്ള അധികാരം കോർപ്പറേഷന് ഉണ്ടായിരിക്കുന്നതും, ആയത് ചോദ്യം ചെയ്യുവാൻ പാടില്ലാത്തതുമാണ്.
45. മേൽപ്പറഞ്ഞ ഏതെങ്കിലും സാഹചര്യത്തിൽ ടെണ്ടർ റദ്ദ് ചെയ്യുകയോ മാറ്റിവയ്ക്കുകയോ വർക്ക് നിർത്തിവയ്ക്കുകയോ ചെയ്യുന്നതാകയാൽ ആയതിന് യാതൊരുവിധ നഷ്ടപരിഹാരത്തിനും ക്രേതാവിന് അർഹതയോ അവകാശമോ ഉണ്ടായിരിക്കുന്നതല്ല.
46. കരാർ പ്രകാരമുള്ള ജോലികൾ അവസാനിക്കുമ്പോൾ മാനേജിംഗ് ഡയറക്ടർ ചുമതലപ്പെടുത്തുന്ന കമ്മറ്റി പരിശോധിച്ച് തൃപ്തികരമാണെന്ന് ഉറപ്പുവരുത്തിയതിനു ശേഷം മാത്രമേ അവസാനഘട്ട തുക ക്രേതാവിന് നൽകുകയുള്ളൂ.
47. കരാറുകാരൻ/ക്രേതാവ് കോർപ്പറേഷനിൽ അടക്കേണ്ട തുക യഥാസമയം അടക്കുന്നതിന് വീഴ്ച വരുത്തുന്നതാകയാൽ അടക്കേണ്ട തുകയും, അടക്കേണ്ട തുകക്ക് ആഴ്ച ഒന്നിന് ½ % എന്ന നിരക്കിൽ പിഴപ്പലിശയും സഹിതം അടച്ച് തീർക്കുന്നതിന് പരമാവധി 15 ദിവസം കൂടി അനുമതി നൽകുന്നതാണ്. തുടർന്നും ടി-തുകകൾ അടക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം കരാറുകാരൻ കോർപ്പറേഷനിൽ അടച്ചിട്ടുള്ള സകലവിധ തുകയും കണ്ടുകെട്ടി കോർപ്പറേഷൻ ഖജനാവിലേക്ക് മുതൽകൂട്ടുന്നതും, കൂടാതെ കരാർ ഉടമ്പടി റദ്ദുചെയ്യുന്നതുമായിരിക്കും. തുടർന്ന് ക്രേതാവിന്റെ നഷ്ടോത്തരവാദിത്വത്തിൽ കരാർ പ്രകാരമുള്ള പ്രവർത്തികൾ ബദൽ മാർഗ്ഗേന ചെയ്തു തീർക്കുന്നതും, തന്മൂലം കോർപ്പറേഷന് ഉണ്ടാകാനിടയുള്ളതായ എല്ലാവിധ ചെലവുകളും, നഷ്ടവും ക്രേതാവിൽ നിന്നും ഈടാക്കിയെടുക്കുന്നതിന് കോർപ്പറേഷന് അവകാശവും, അധികാരവും ഉണ്ടായിരിക്കുന്നതാണ്.
48. സർക്കാരിന്റെയോ, കോടതി നിയമ സംവിധാനങ്ങളുടെയോ ഉത്തരവുകളുടെയോ നിർദ്ദേശത്തിന്റെയോ അടിസ്ഥാനത്തിൽ കരാറുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങളിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്നതുമൂലം ക്രേതാവിന് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടായാൽ ആയതിന് കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതല്ല.
49. പ്രകൃതിക്ഷോഭം, സാംക്രമികരോഗങ്ങൾ, തീപിടുത്തം, വന്യമൃഗ ആക്രമണം, തൊഴിലാളി സമരം മുതലായവ മൂലം ക്രേതാവിനോ, ടി-യാന്റെ തൊഴിലാളികൾക്കോ യാതൊരു വിധ കഷ്ട നഷ്ടങ്ങൾക്കും കോർപ്പറേഷൻ ഉത്തരവാദിയായിരിക്കുന്നതോ, നഷ്ടപരിഹാരം നൽകുന്നതോ അല്ല.

Sd/

മാനേജിങ് ഡയറക്ടർ

**പ്രഖ്യാപനം: "ബന്ധപ്പെട്ട ദർഘാസ് വ്യവസ്ഥകൾ ഞാൻ വായിച്ച് മനസ്സിലാക്കുകയും, അതിലെ വ്യവസ്ഥകൾ പൂർണ്ണമായി അംഗീകരിക്കുകയും ചെയ്തതായി ഇതിനാൽ സമ്മതിച്ചിരിക്കുന്നു"**

| | | |
|---|---|---|
| 1a. | ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പൂർണമായ തപാൽ മേൽവിലാസം (വ്യക്തിയുടെ പേര് , വീട്ടുപേര്, കര, വില്ലജ്, താലൂക്ക്, ജില്ല, പിൻകോഡ് ഉൾപ്പെടെ) | : |
| b. | ടിയാന്റെ വയസ്സ് | : |
| c. | ഫോൺ നമ്പർ (കോഡ് ഉൾപ്പെടെ) ലാന്റ് നമ്പർ | : |
| d | മൊബൈൽ നമ്പർ | : |
| e. | അച്ഛന്റെ പേര് | : |

ദർഘാസ് സമർപ്പിക്കുന്ന വ്യക്തിയുടെ പേരും ഒപ്പും:

സ്ഥലം:

തീയതി: